പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: T 2609.

18.06.2014-ലെ മറുപടിയ്ക്ക്

## ഇക്കോ ടൂറിസം പദ്ധതിയുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.കെ.വിജയൻ | ശ്രീ.എ.പി.അനിൽകുമാർ<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ഇക്കോ - ടൂറിസം പദ്ധതികളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തലുകൾ നടത്തിയിട്ടുണ്ടോ;<br>(ബി) ഉണ്ടെങ്കിൽ കണ്ടെത്തലുകൾ വിശദമാക്കാമോ ; | (എ) യും (ബി) യും<br>സംസ്ഥാനത്തിലാകമാനമുള്ള ഇക്കോ ടൂറിസം പദ്ധതികളെക്കുറിച്ച് മൊത്തമായി വിലയിരുത്തൽ നടത്തിയിട്ടില്ല. എങ്കിലും വാർഷിക പദ്ധതികളെ ക്കുറിച്ച് വിലയിരുത്തൽ നടത്തുകയും ബന്ധപ്പെട്ട ഏജൻസികളിൽ നിന്ന് പ്രവർത്തന പുരോഗതി റിപ്പോർട്ട് തേടാറുമുണ്ട്. |
| (സി) പ്രസ്തുത പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം നീക്കിവെച്ച തുകയിൽ നിന്ന് എത്ര ശതമാനം തുക ചെലവഴിച്ചിട്ടുണ്ട് ; | (സി) ഇക്കോ ടൂറിസം പദ്ധതികൾക്കായി കഴിഞ്ഞ സാമ്പത്തിക വർഷം നീക്കി വെച്ച മുഴുവൻ തുകയും (100%) ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) ഇക്കോ ടൂറിസം പദ്ധതികളുടെ പുനരുദ്ധാരണത്തിനായി വിദേശ രാജ്യങ്ങളുടെ മാതൃക സ്വീകരിക്കുന്നതുൾപ്പെടെയുള്ള നൂതന ആശയങ്ങൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ ? | (ഡി) ഇക്കോടൂറിസം പദ്ധതികളുടെ പുനരുദ്ധാരണത്തിനായി നൂതനാശയങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. വനസംരക്ഷണനിയമം, പരിസ്ഥിതി സംരക്ഷണ നിയമം എന്നിവയ്ക്ക് വിധേയമായി മാത്രമേ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാൻ സാധിക്കുകയുള്ളു. |

സെക്ഷൻ ഓഫീസർ